പി.എസ്.സി. പരീക്ഷകളിൽ ഫലം പ്രസിദ്ധീകരിക്കാത്തവ

47 (56) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളിതുവരെ പി.എസ്.സി. വിജ്ഞാപനംവഴി നടത്തിയ പരീക്ഷകളിൽ ഫലം പ്രസിദ്ധീകരിക്കാത്ത തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ജില്ലാ നിയമനം, സ്റ്റേറ്റ് നിയമനം എന്നിവയിൽ കണക്ക് വേർതിരിച്ച് ലഭ്യമാക്കുമോ ;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം നിയമനം നൽകിയിട്ടില്ലാത്ത തസ്തികകൾ നിലവിലുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം തസ്തികകളെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ

48 (57) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ വകുപ്പുകളിൽ 2011 മാർച്ച് 31-നകം ഉണ്ടാകാവുന്ന ഒഴിവുകൾ 2010 ജൂലായ് 31-നകം പി.എസ്.സി.-ക്ക്റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ ;

(ബി) എങ്കിൽ അതുപ്രകാരം പി.എസ്.സി.-ക്ക് ഇതേവരെ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി, വകുപ്പ്, തസ്തിക എന്നിവ സഹിതം നൽകുമോ ;

(സി) 2010 ആഗസ്റ്റ് ഒന്നുമുതൽ ഡിസംബർ 31-വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വകുപ്പ്, തീയതി, തസ്തിക എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ഡി) കർശന നിർദ്ദേശമുണ്ടായിട്ടും ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ടു ചെയ്യാത്ത ഏതെങ്കിലും വകുപ്പു മേധാവികൾക്കെതിരെ ഏന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

2011 മാർച്ചിൽ സർക്കാർ ജീവനക്കാരുടെ കൂട്ടവിരമിക്കൽമൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് നടപടി

49 (58) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. എ. ഷുക്കൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly